തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് " നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.

പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി 105.75 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചു (SCP Pooled fund).

വടകരയിൽ കൈത്തറി ഡിസൈൻ കേന്ദ്രം തുടങ്ങുന്നതിന് നടപടി

198 (5088) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര കേന്ദ്രീകരിച്ച് വ്യവസായ വകുപ്പിൻ കീഴിൽ ഒരു കൈത്തറി ഡിസൈൻ കേന്ദ്രം തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) വടകരയിലും പരിസരത്തുമുള്ള കൈത്തറി സഹകരണ സംഘങ്ങളുടെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കണ്ണൂരിൽ ഒരു ഡിസൈൻ സ്റ്റുഡിയോ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂരിലെ വീവേഴ്സ് സർവ്വീസ് സെന്ററിൽ നിന്നും ഡിസൈൻ സംബന്ധിച്ച സേവനം ലഭ്യമാണ്. ഈ രണ്ടു സ്ഥാപനങ്ങളുടേയും സേവനം ഇപ്പോഴും പൂർണ്ണമായി ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ വടകര കേന്ദ്രീകരിച്ച് കൈത്തറിക്ക് ഒരു പുതിയ ഡിസൈൻ കേന്ദ്രം തുടങ്ങേണ്ട ആവശ്യകത കാണുന്നില്ല.

പാലക്കാട് ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾ

199 (5089) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) . കൈത്തറി മേഖലയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ എത്ര കൈത്തറി സഹകരണസംഘങ്ങൾ ഉണ്ട് ; അവയിൽ പ്രവർത്തനക്ഷമമായത് എത്ര ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒറ്റപ്പാലം താലൂക്കിൽ എത്ര കൈത്തറി സഹകരണസംഘങ്ങൾ ഉണ്ട് ; എത്രയെണ്ണം പ്രവർത്തനക്ഷമമാണ് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) കൈത്തറി സഹകരണസംഘങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ഇതിനായി എന്തെങ്കിലും പ്രത്യേക പാക്കേജ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ എന്തെങ്കിലും പുതിയ പാക്കേജ് നടപ്പിലാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണം.

2. നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് നൽകൽ.

3. കുറഞ്ഞ പലിശ നിരക്കിലും ഉദാരതിരിച്ചടവ് വ്യവസ്ഥയിലും യാൺ ബാങ്കുകൾക്ക് പ്രവർത്തന മൂലധന വായ്പ.

4. കൈത്തറി സംഘങ്ങൾക്ക് ആവശ്യമുള്ള ഹാങ്ക് യാൺ ഉല്പാദനം കണ്ണൂർ/ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ആരംഭിച്ചു. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിലും ഹാങ്ക് യാൺ ഉല്പാദനം ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

5. കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ പ്രീ-ലും പ്രോസസിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് 3 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

6. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവു വർദ്ധിപ്പിക്കുന്നതിനും പുതിയ സാങ്കേതികവിദ്യ നേടുന്നതിനുമുള്ള പദ്ധതി.

7. തറി അനുബന്ധ നെയ്ത്തു സാമഗ്രികൾ പുതുക്കുന്നതിനും വാർപ്പിംഗ്, വൈൻഡിംഗ് എന്നിവയിൽ യന്ത്രവൽക്കരണത്തിനും ഉള്ള പദ്ധതി.

8. ഹാൻവീവിൽ ചിറയ്ക്കൽ പ്രോസസിംഗ് സെന്റർ, നേമം പ്രോസസിംഗ് സെന്റർ എന്നിവയുടെ നവീകരണം.

9. കൈത്തറി സംഘങ്ങളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ആധുനികവൽക്കരണ പദ്ധതികൾ.

10. കൈത്തറി വ്യവസായത്തിലെ പ്രാദേശിക ബ്രാന്റുകളുടെ വികസനം.

LIBRARY ARCHIVES Kerala Legislative Assembly

11. കൈത്തറി മാർക്ക് സ്കീമിൽ കൈത്തറി സംഘങ്ങൾക്ക് അംഗത്വം നൽകുന്നതിനുവേണ്ടിയും കൈത്തറി ലേബലുകൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിനുമുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

12. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയ്ക്ക് റിബേറ്റ് കുടിശ്ശിക നൽകുവാൻ കഴിഞ്ഞു.

13. ഭൗമസൂചക ആക്ട് അനുസരിച്ച് പ്രാദേശിക ഉല്പന്നങ്ങളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കുത്താമ്പുള്ളി സാരി, കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ മുംബൈ ടെക്സ്റ്റൈൽസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. ബാലരാമപുരം കൈത്തറിക്ക് GI അംഗീകാരം ലഭിച്ചു. മറ്റ് ഉല്പന്നങ്ങളുടെ രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം പുരോഗമിച്ചുവരുന്നു.

(ബി) പാലക്കാട് ജില്ലയിൽ ആകെ 41 കൈത്തറി സഹകരണ സംഘങ്ങൾ ഉണ്ട്. അവയിൽ പ്രവർത്തനക്ഷമമായവ 15 എണ്ണം ആണ്. അവയുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. പഴമ്പാലക്കോട് എച്ച്.ഡബ്ല്യൂ.സി.എസ്, പഴമ്പാലക്കോട്
2. പല്ലഞ്ചാത്തന്നൂർ എച്ച്.ഡബ്ല്യൂ.സി.എസ്, പല്ലഞ്ചാത്തന്നൂർ.
3. പാലപ്പുറം എച്ച്.ഡബ്ല്യൂ.സി.എസ്.പാലപ്പുറം, ഒറ്റപ്പാലം
4. കൊല്ലങ്കോട് എച്ച്. സി.എച്ച്.ഡബ്ല്യൂ.സി.എസ്, കൊല്ലങ്കോട്
5. കൊല്ലങ്കോട്, എച്ച്.ഡബ്ല്യൂ.സി.എസ്, കൊല്ലങ്കോട്
6. കരുമാനം കുറിശ്ശി എച്ച്.ഡബ്ല്യൂ.സി.എസ്, കരുമാനം കുറിശ്ശി, ചെർപ്പുളശ്ശേരി.
7. കിഴക്കേത്തറ എച്ച്.ഡബ്ല്യൂ.സി.എസ്, കൊല്ലങ്കോട്
8. കൊടുമ്പ് എച്ച്.ഡബ്ല്യൂ.സി.എസ്, കൊടുമ്പ്
9. എലപ്പുള്ളി എച്ച്.ഡബ്ല്യൂ.സി.എസ്, എലപ്പുള്ളി
10. ദേവാങ്കപുരം എച്ച്.ഡബ്ല്യൂ.സി.എസ്, ചിറ്റൂർ
11. വടക്കേത്തറ & കടമ്പിടി എച്ച്.ഡബ്ല്യൂ.സി.എസ്, ചിറ്റൂർ
12. ചിറ്റൂർ എച്ച്.ഡബ്ല്യൂ.സി.എസ്., മാഞ്ചിറ, ചിറ്റൂർ
13. നീലിക്കോട് എച്ച്.ഡബ്ല്യൂ.സി.എസ്, തത്തമംഗലം
14. നല്ലേപ്പിള്ളി എച്ച്.ഡബ്ല്യൂ.സി.എസ്, നല്ലേപ്പിള്ളി
15. മാറലാട് എച്ച്.ഡബ്ല്യൂ.സി.എസ്., പുതുക്കോട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒറ്റപ്പാലം താലൂക്കിൽ ആകെ 11 കൈത്തറി സഹകരണ സംഘങ്ങൾ ഉണ്ട്. അവയിൽ 2 എണ്ണം പ്രവർത്തനക്ഷമമാണ്. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു :

1. പാലപ്പുറം എച്ച്.ഡബ്ല്യൂ.സി.എസ്, പാലപ്പുറം, ഒറ്റപ്പാലം
2. കരുമാനം കുറിശ്ശി എച്ച്.ഡബ്ല്യൂ.സി.എസ്, കരുമാനം കുറിശ്ശി, ചെർപ്പുളശ്ശേരി.

(ഡി) കൈത്തറി സഹകരണസംഘങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു :

1. നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുവായ നൂൽ, ചായങ്ങൾ എന്നിവ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു. നൂലിനും ചായങ്ങൾക്കും സബ്സിഡി നൽകുന്നു.

2. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നു.

3. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് 20% സംസ്ഥാന റിബേറ്റ് നൽകുന്നു

4. കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് റിബേറ്റില്ലാത്ത ദിവസങ്ങളിൽ 10% മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നു.

5. ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.

6. പരമ്പരാഗത ഉല്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് കൈത്തറി/ഖാദി വസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. ആഴ്ചയിൽ രണ്ടു ദിവസം സർക്കാർ, ജീവനക്കാരും, പൊതുജനങ്ങളും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന സർക്കാർ അഭ്യർത്ഥന നിമിത്തം ഉപയോഗം വർദ്ധിച്ചിട്ടുണ്ട്.

7. വിഷു, ഓണം. ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലകൾതോറും കൈത്തറി പ്രദർശനങ്ങൾ, വിപണന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.

8. ഹാന്റക്സിനും, ഹാൻവീവിനും ഓഹരിപങ്കാളിത്തം നൽകുന്നു. കഴിഞ്ഞ സാമ്പത്തികവർഷം ഓഹരി പങ്കാളിത്തമായി 458 ലക്ഷം രൂപ ഹാന്റക്സിനും 306 ലക്ഷം രൂപ ഹാൻവീവിനും നൽകി.

9. കൈത്തറി നെയ്ത്തുകാർക്ക് വേണ്ടി ഐ.സി.ഐ.സി.ഐ. കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

10. എൽ.ഐ.സി.യും കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി ഇൻഷ്വറൻസ് പദ്ധതിയും, കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സ്റ്റൈപ്പന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു.

11. (എ) പ്രവർത്തന മൂലധനത്തിന്റെ കുറവുകൊണ്ട് പ്രവർത്തനരഹിതമായ തറികൾ പുനരുദ്ധരിക്കാൻ കൈത്തറി സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു.

(ബി) ഉൽപ്പന്ന വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ധനസഹായം നൽകിവരുന്നു.

(സി) നെയ്ത്തുകാരുടെ പ്രോവിഡന്റ് ഫണ്ട് ഇ.എസ്.ഐ. വിഹിതം കുടിശ്ശിക തീർക്കാൻ ധനസഹായം നൽകുന്നു.

12. നെയ്ത്തുകാർക്ക് നെയ്ത്തുനൂൽ ന്യായവിലയ്ക്ക് ലഭിക്കുന്നതിനായി ഹാന്റക്സ്, ഹാൻവീവ് എന്നിവ കൂടാതെ എറണാകുളം, കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരത്ത് കളമച്ചൽ, കൈരളി എന്നീ യാണ് ബാങ്കുകൾ ആരംഭിച്ചു.

13. പ്രാദേശിക ബ്രാന്റുകളെ തെരഞ്ഞെടുത്ത് ബ്രാന്റ് വികസിപ്പിക്കുന്നതിനായി കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റൽ ടെക്നോളജിയെ ചുമതലപ്പെടുത്തി.

14. ഭൗമ സൂചക ആക്ട് അനുസരിച്ച് നിലവിലുള്ള പ്രാദേശിക ഉൽപ്പന്നങ്ങളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കുത്താമ്പുള്ളി സാരി, കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ മുംബൈ ടെക്സ്റ്റൈൽസ് കമ്മീറ്റിയെ ചുമതലപ്പെടുത്തി. ഇതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇതിൽ ബാലരാമപുരം കൈത്തറിക്ക് GI അംഗീകാരം ലഭിച്ചു.

15. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ഐ.എച്ച്.ഡി.എസ്, പദ്ധതിയിലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റൈൽസ് ടെക്നോളജിയും കൈത്തറി ഡയറക്ടറേറ്റും നടത്തുന്ന പദ്ധതിയിലും പരിശീലന പരിപാടി ആവിഷ്ക്കരിച്ചു നടത്തിവരുന്നു. കൂടാതെ കാസർഗോഡ് സാരി, ബാലരാമപുരം സാരി എന്നിവയുടെ നെയ്ത്തിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

16. ഹാൻവീവിന്റേയും ഹാന്റക്സിന്റേയും പ്രാഥമിക സഹകരണ സംഘങ്ങളുടേയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 500 ലക്ഷം രൂപ 2008-09-ൽ ധനസഹായം നൽകി. കഴിഞ്ഞ സാമ്പത്തിക വർഷം 640.79 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

17. കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് കൈത്തറി വികസന പദ്ധതി പ്രകാരം അനുമതി ലഭിക്കുന്നതിനായി 32 ക്ലസ്റ്ററുകളുടെ അപേക്ഷ സമർപ്പിച്ചിരുന്നു. അതിൽ 24 ക്ലസ്റ്ററുകൾക്ക് അനുമതി ലഭിച്ചു. 14 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ പദ്ധതിയാണിത്. ഇതിന്റെ പ്രയോജനം ഏകദേശം 10,000 നെയ്ത്തു കാർക്ക് ലഭിക്കും.

18. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം, പഠനം, പരിശീലനം എന്നിവ നടത്തിവരുന്നു.

19. കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഓരോ സംഘത്തിനും 5 ലക്ഷം രൂപവരെ സർക്കാർ ഷെയർ പാർട്ടിസിപ്പേഷൻ നൽകിവരുന്നുണ്ട്.

20. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുവാൻ കൈത്തറിയെ നവീകരിക്കുന്നതിനായി 'യന്ത്രത്തറിയായി ഉയർത്തലും ഫാക്ടറി മാതൃകാ സംഘങ്ങളുടെ ആധുനികവൽക്കരണവും' എന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു.

21. ഫാക്ടറി ടൈപ്പ് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് യോജിച്ച തരത്തിൽ മിനി പ്രീ-ലൂം പ്രോസസ്സ് സെന്റർ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു.

22. 'അംശദാന സമ്പാദ്യ പദ്ധതി' യിലൂടെ കൈത്തറി തൊഴിലാളികൾക്കായി ഒരു സമ്പാദ്യ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വരിക്കാരുടേയും, അവരുടെ കുടുംബാംഗങ്ങളുടേയും ചികിത്സാ ചെലവുകൾ വിവാഹത്തിനും, കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾ, സംഘത്തിലെ ഓഹരിയെടുക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയ്ക്ക് ഈ പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നു.

കണ്ണൂർ ജില്ലയിലെ വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ്

200 (5090) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്ന കാര്യത്തിൽ നിയമവിരുദ്ധമായ സമീപനമാണ് മാനേജ്മെന്റ് സ്വീകരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) തൊഴിലാളികളുടെ ആനുകൂല്യം ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly